പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 7821 | 23.07.2012-ൽ മറുപടിക്ക്.

# കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. വാഹീദ്<br>ശ്രീ. പി. എ. മാധവൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ് കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വിശദമാക്കുമോ ; | : (എ) കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ് കാര്യക്ഷമമാക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:<br><br>കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിലെ സയന്റിസ്റ്റുകളെ കേന്ദ്ര ആഭ്യന്തര വകുപ്പിന് കീഴിലുള്ള ന്യൂഡൽഹിയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിമിനോളജി ആന്റ് ഫോറൻസിക് സയൻസിൽ പരിശീലനത്തിനായി അയച്ചിട്ടുണ്ട്. കൂടാതെ 2010 മുതൽ കഴിഞ്ഞ 3 വർഷക്കാലമായി കേരള സർക്കാരിന്റെ ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയുണ്ടായി. മറ്റ് സ്റ്റേറ്റുകളിലെ ഫോറൻസിക് ലബോറട്ടറികളിലുള്ള വിദഗ്ദ്ധരുടെ സേവനവും ഇത്തരം പ്രോഗ്രാമുകളിൽ ഉപയോഗപ്പെടുത്തുകയുണ്ടായി.<br><br>രാസപരിശോധന പ്രക്രിയകൾ ആധുനികവൽക്കരിക്കുന്നതിനായി ചില അത്യാധുനിക ശാസ്ത്രോപകരണങ്ങൾ വാങ്ങി സ്ഥാപിച്ചു. രാസപരിശോധനാ റിപ്പോർട്ട്, പരിശോധന കഴിഞ്ഞയുടൻ ലഭ്യമാക്കുന്നതിനായി സോഫ്ട്വെയർ വികസിപ്പിച്ചു കഴിഞ്ഞു. അനന്തര കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനം ഉടനെ പൂർത്തീകരിക്കുന്നതാണ്. |

(മറുപുറം)

(ബി) വകുപ്പിന്റെ കീഴിലുള്ള ലബോറട്ടറികൾ ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

: (ബി) കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിനു കീഴിലുള്ള ലബോറട്ടറികളുടെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് ഗ്യാസ് ക്രൊമാറ്റോഗ്രാഫ്, മാസ് സ്പെക്ട്രോമീറ്റർ, അൾട്രാ വയലറ്റ് സ്പെക്ട്രോഫോട്ടോ മീറ്റർ, ഡിജിറ്റൽ മൈക്രോസ്കോപ്പുകൾ, വാട്ടർ പ്യൂരിഫിക്കേഷൻ സിസ്റ്റം, ഹൈ-പെർഫോമൻസ് തിൻ ലെയർ ക്രോമറ്റോഗ്രാഫി തുടങ്ങിയ ആധുനിക ശാസ്ത്രീയ ഉപകരണങ്ങൾ വാങ്ങിച്ച് സ്ഥാപിച്ച്, സയന്റിസ്റ്റുകളെ പരിശീലിപ്പിച്ച്, ഉപയോഗിച്ചുവരുന്നു. ഇതുമൂലം രാസപരിശോധനയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനും തൊണ്ടി സാധനങ്ങളുടെ രാസപരിശോധന ത്വരിതപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്. പൂർണ്ണമായും ലബോറട്ടറികൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ലബോറട്ടറികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ലബോറട്ടറികൾ കമ്പ്യൂട്ടർവൽക്കരിക്കാനും നടപടികൾ സ്വീകരിക്കുമോ ?

: (സി) കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ കീഴിലുള്ള മൂന്നു ലബോറട്ടറികളും ആധുനിക ലബോറട്ടറികളായി മാറ്റുന്നതിനുള്ള മരാമത്തു പണികൾ ചെയ്യുന്നതിനും പൂർണ്ണതോതിലുള്ള കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ